**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3369** **01-03-2023 - ൽ മറുപടിയ്ക്ക്**

**പാട്ടത്തിന് നൽകിയ സർക്കാർ ഭൂമി പതിച്ച് നൽകിയതിന്റെ വിശദാംശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ അധീനതയിലുള്ള ഭൂമി ദീർഘകാല ലീസിന് നൽകിയിട്ടുണ്ടോ; ആയത് സ്ഥാപനങ്ങൾക്കാണോ വ്യക്തികൾക്കാണോ നൽകിയിട്ടുള്ളതെന്നും അതിന്റെ വ്യവസ്ഥ എന്താണെന്നും വിശദമാക്കാമോ; | (എ) | സർക്കാർ അധീനതയിലുള്ള ഭൂമി ദീർഘകാല ലീസിന് സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നൽകിയിട്ടുണ്ട്. 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 15 ഉപചട്ടം 1 മുതൽ 4 വരെയുള്ള വ്യവസ്ഥകൾ പ്രകാരമാണ് പാട്ടം അനുവദിയ്ക്കുന്നത്.<br>**ചട്ടം 15. പാട്ടത്തിന്റെയോ ലൈസൻസിന്റെയോ വ്യവസ്ഥകൾ (Conditions of lease or licence)**<br><br>(1) ഈ ചട്ടങ്ങൾ പ്രകാരം കാർഷിക ആവശ്യങ്ങൾക്കായി പാട്ടമോ ലൈസൻസോ നൽകികൊണ്ടുള്ള ഉത്തരവുകൾ ഈ ചട്ടങ്ങളുടെ അനുബന്ധം VI -ലെ ഫോറത്തിൽ നൽകേണ്ടതും കാർഷികേതര ആവശ്യങ്ങൾക്കുള്ളവ അനുബന്ധം VII-ലെ ഫോറത്തിൽ നൽകേണ്ടതും ഇപ്രകാരമുള്ള പാട്ടങ്ങളും ലൈസൻസുകളും അതു നൽകികൊണ്ടുള്ള ഉത്തരവിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമാണ്.<br><br>(2) ഈ ചട്ടങ്ങൾക്ക് കീഴിൽ നൽകിയിട്ടുള്ള പാട്ടവും ലൈസൻസുകളും പരമ്പരാഗതമായി അനുഭവിക്കാവുന്നതും എന്നാൽ അന്യാധീനപ്പെടുത്താൻ പാടില്ലാത്തതുമാണ്. എന്നാൽ, സൈനികർക്ക് പതിച്ചു കിട്ടിയിട്ടുള്ള ഭൂമി അവർ സർവ്വീസിൽ സേവനമനുഷ്ഠിക്കുന്നതിലേയ്ക്കായി നാട്ടിൽ നിന്നും ദൂരെയായിരിക്കുമ്പോൾ കാർഷികാവശ്യങ്ങൾക്കായി ആ ഭൂമി പാട്ടത്തിന് നൽകാവുന്നതാണ്.<br><br>(3) പാട്ടം നൽകികൊണ്ടുള്ള ഉത്തരവിൽ മറ്റുവിധത്തിൽ പറഞ്ഞിട്ടില്ലാത്ത പക്ഷം പതിച്ചുകിട്ടിയ വ്യക്തിയ്ക്ക് പാട്ടക്കാലയളവിൽ പാട്ടത്തിന്റെയോ ലൈസൻസിനെയോ |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച് തന്റെ ഇഷ്ടത്തിനനുസരിച്ച് തീരുമാനം മാറ്റുന്നതിന് ക്ഷമതയുണ്ടായിരിക്കുന്നതല്ല.<br><br>(4) പതിച്ചു നൽകിയ ഭൂമിയോ അതിന്റെ ഏതെങ്കിലും ഭാഗമോ ഗവൺമെന്റിനോ പൊതുകാര്യത്തിനോ ആവശ്യമുള്ള പക്ഷം പതിച്ചുകിട്ടിയ വ്യക്തിക്ക് അറുപതു ദിവസത്തെ രേഖാമൂലം നോട്ടീസ് നൽകിയ ശേഷം പൊതുകാര്യത്തിനോ ആവശ്യമുള്ള നോട്ടീസ് നൽകിയശേഷം പാട്ടമോ ലൈസൻസോ നൽകിയ അധികാര കേന്ദ്രത്തിന് അതു റദ്ദു ചെയ്യാവുന്നതാണ്. പതിച്ചുകിട്ടിയ വ്യക്തി ആ ഉത്തരിവിലെ വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം പതിനഞ്ചു ദിവസത്തിൽ കവിയാത്ത ന്യായമായ നോട്ടീസ് നൽകിയ ശേഷം പാട്ടം റദ്ദു ചെയ്യാവുന്നതാണ്. |
| (ബി) | ഇങ്ങനെ നൽകിയ ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നവർക്ക് പതിച്ച് കൊടുത്തിട്ടുണ്ടോ; എങ്കിൽ ആർക്കൊക്കെയാണ് നൽകിയിട്ടുള്ളത്; വിശദാംശം നൽകുമോ? | (ബി) | ഇങ്ങനെ നൽകിയ ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നവർക്ക് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരം ഭൂമി പതിച്ച് കൊടുത്തിട്ടുണ്ട്. എന്നാൽ പാട്ട ഭൂമി പതിച്ചു നൽകിയതിന്റെ വിവരങ്ങൾ പ്രത്യേകമായി ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ